(ഡി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 17315 പേർ

(ബി) ആദ്യത്തെ 100 വരെയുള്ള കുട്ടികൾക്ക് 50 പൈസയും പിന്നീടുള്ള കുട്ടികൾക്ക് 20 പൈസ നിരക്കിലും കൺടിൻജന്റ് ചാർജ്ജിനത്തിൽ നൽകുന്ന തുകയുടെ പകുതി പാചകക്കൂലിയായി നൽകുന്നു. ഒരാൾക്ക് ഒരു ദിവസം കുറഞ്ഞത് 30 രൂപ ലഭിക്കും.

(സി) പാചകത്തൊഴിലാളി സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശപ്രകാരം 2004 സെപ്റ്റംബർ മുതൽ പാചകക്കൂലി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച നിരക്ക് നൽകാവുന്നതാണ്.

പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ നിയമനം

115 [3641] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നിയമനം കാത്ത് കഴിയുന്ന എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്ന് അവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിയമം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2091 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് പുനർവിന്യാസം നൽകിയിട്ടുണ്ട്.

(ബി)

1.	തിരുവനന്തപുരം	..	9
2.	കൊല്ലം	..	30
3.	പത്തനംതിട്ട	..	4
4.	ആലപ്പുഴ	..	3
5.	കോട്ടയം	..	8
6.	എറണാകുളം	..	ഇല്ല
7.	ഇടുക്കി	..	ഇല്ല
8.	തൃശ്ശൂർ	..	10
9.	മലപ്പുറം	..	ഇല്ല
10.	കോഴിക്കോട്	..	123
11.	പാലക്കാട്	..	4
12.	വയനാട്	..	ഇല്ല
13.	കണ്ണൂർ	..	202
14.	കാസറഗോഡ്	..	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(സി) 28-6-2002-ലെ ജി. ഒ. (പി) നം. 178/02/പൊ. വി. വ. 4-12-2002-ലെ 403/02/പൊ. വി. വ. എന്നീ ഉത്തരവുകളനുസരിച്ചാണ് നിലവിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ പുനർവിന്യസിക്കുന്നത്.

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ നിയമനം

116 [3642] *ശ്രീ.കെ. അച്ചുതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി. യുടെ കീഴിലുള്ള കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവിടെ നടത്തിയ നിയമനത്തിന്റെ മാനദണ്ഡം എന്താണ്; ഇവിടെ നിയമനം നടത്തിയ ദിവസക്കൂലിക്കാരായ ഉദ്യോഗാർത്ഥികളുടെ സാമുദായിക അടിസ്ഥാനത്തിലുള്ള ലിസ്റ്റ് വെളിപ്പെടുത്താമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ ഇവിടെ നിയമനം നടത്തിയിരിക്കുന്നത്; അല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡി നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങളുടെ സാമുദായിക അടിസ്ഥാനത്തിലുള്ള കണക്ക് താഴെ കൊടുക്കുന്നു.

ഹിന്ദു	-	നായർ	-	8
ഹിന്ദു	-	ഈഴവ	-	5
ഹിന്ദു	-	ആശാരി	-	1
ഹിന്ദു	-	തീയ്യ	-	2
ഹിന്ദു	-	സേനാതലൈവർ	-	1
ഹിന്ദു	-	നാടാർ	-	1
ക്രിസ്ത്യൻ ആർ. സി. എസ്. സി.			-	2
ക്രിസ്ത്യൻ - നാടാർ			-	1
സിറിയൻ കാത്തലിക്			-	1
ഇസ്ലാം - മാപ്പിള			-	15
ഇസ്ലാം - മുസ്ലീം			-	23

(സി) അല്ല, നിയമന കാലതാമസം ഒഴിവാക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly